**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2390** **27-10-2026-ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. പി. മമ്മിക്കുട്ടി

**മറുപടി നൽകിയ മന്ത്രി**

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് നിലവിലെ വൈദ്യുതി ആവശ്യകതയിൽ എത്ര മെഗാവാട്ടാണ് ആഭ്യന്തര ഉൽപ്പാദനത്തിലൂടെ ലഭിക്കുന്നത്; പുറത്തുനിന്നും വാങ്ങുന്നത് എത്ര മെഗാവാട്ടാണ്; വിശദമാക്കാമോ;

**മറുപടി:** നിലവിലെ വൈദ്യുതി ആവശ്യകതയിൽ രാത്രിയിലെ പീക്ക് സമയത്തു ഉപയോഗിക്കാൻ കഴിയുന്ന ആഭ്യന്തര ഉൽപ്പാദനം ഏകദേശം 1300 - 1500 മെഗാവാട്ട് ആണ് (26-30%). പുറത്തു നിന്ന് കരാർ ചെയ്തിരിക്കുന്ന വൈദ്യുതി നിലവിൽ സെൻട്രൽ ജനറേറ്റിംഗ് സ്റ്റേഷനുകളിൽ നിന്നും ദീർഘകാല / ഹ്രസ്വകാല കരാറുകളിൽ നിന്നുമായി പീക്ക് സമയത്ത് ഏകദേശം 3500-3700 മെഗാവാട്ട് ആണ്. ഇത് കൂടാതെ ഉപഭോഗം അനുസരിച്ച് പവർ എക്സ്ചേഞ്ച് മുഖേനയുള്ള വാങ്ങലുകളും നടത്തുന്നു.

**(ബി)** സോളാർ വഴി ഉൽപ്പാദിപ്പിക്കുന്ന അധിക വൈദ്യുതി കെ.എസ്.ഇ.ബി. യുടെ ഗ്രിഡിലേയ്ക്ക് നൽകുന്ന ഉപഭോക്താക്കൾക്ക് നിലവിൽ ബാധകമായ നിരക്ക് എത്രയാണ്; തുക നൽകുന്നതിൽ കുടിശ്ശികയുണ്ടോ; വിശദമാക്കാമോ;

**മറുപടി:** 2024-25 സാമ്പത്തിക വർഷം നൽകിയത് യൂണിറ്റിന് 3.26 രൂപ നിരക്കിലാണ്. 2025-26 സാമ്പത്തിക വർഷം മുതലുള്ള തുക കണക്കാക്കി നൽകേണ്ടത് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 05.11.2025- ന് പുറപ്പെടുവിച്ച Kerala State Electricity Regulatory Commission (Renewable Energy and Related Matters) Regulations പ്രകാരമാണ്. അതനുസരിച്ച്, നിലവിലുള്ള പ്രോസ്യൂമർമാർക്ക് ബാങ്ക് ചെയ്ത ഓരോ യൂണിറ്റ് വൈദ്യുതിക്കും 3.08 രൂപയാണ് നൽകേണ്ടതായിട്ടുള്ളത്. പ്രസ്തുത റെഗുലേഷൻ നിലവിൽ ബഹു: കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നതിനാൽ, 2025-26 സാമ്പത്തിക വർഷത്തിൽ ബാങ്ക് ചെയ്ത വൈദ്യുതിക്കുള്ള സെറ്റിൽമെന്റ് തുക ഇതുവരെ നൽകിയിട്ടില്ല.

**(സി)** ഷൊർണ്ണൂർ മണ്ഡലത്തിൽ അനങ്ങടി പഞ്ചായത്തിൽ മുൻ സർക്കാറിന്റെ കാലത്ത് 12 കോടി രൂപ വകയിരുത്തി ആരംഭിച്ച 110 കെ.വി. സബ്സ്റ്റേഷൻ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; എത്ര സമയത്തിനുള്ളിൽ കമ്മീഷൻ ചെയ്യാൻ കഴിയും എന്ന് വ്യക്തമാക്കാമോ; ഏതെല്ലാം ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റിക്കുമാണ് സബ്സ്റ്റേഷൻ പ്രയോജനപ്പെടുക; വിശദമാക്കാമോ?

**മറുപടി:** ഷൊർണൂർ മണ്ഡലത്തിലെ അനങ്ങനടി പഞ്ചായത്തിൽ മുൻ സർക്കാരിന്റെ കാലത്ത് കേരള സംസ്ഥാന വൈദ്യുതി ബോർഡ് 12 കോടി രൂപ വകയിരുത്തി ആരംഭിച്ച 110 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. നവംബർ മാസത്തോടെ പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതി പൂർത്തിയാകുന്നതോടെ അനങ്ങനടി, തൃക്കടീരി, ചളവറ, വാണിയംകുളം എന്നീ ഗ്രാമപഞ്ചായത്തുകളിലെയും ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി പരിധിയിലെയും ജനങ്ങൾക്ക് മെച്ചപ്പെട്ട വൈദ്യുതി വിതരണത്തിന്റെ പ്രയോജനം ലഭ്യമാകും.

**സെക്ഷൻ ഓഫീസർ**